## അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) ടെ നടപടി ഉത്തരവ്

പുറപ്പെടുവിക്കുന്നത് : ഡോ. ജെ ജസ്റ്റിൻ മോഹൻ ഐ. എഫ്. എസ്.

വിഷയം: കേരള വനം വകുപ്പ് – ജീവനക്കാര്യം സീനിയർ ക്ലർക്കുമാർക്ക് ഹെഡ് അക്കൗണ്ടന്റുമാരായി സ്ഥാനക്കയറ്റവും സ്ഥലംമാറ്റവും നൽകുന്നത് - സംബന്ധിച്ച്.

സൂചന : 1. ഈ ഓഫീസിലെ 24.08.2026 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.

2. ഈ ഓഫീസിലെ 29-09-2026 തീയതിയിലെ ഇ3-1185/2026 നമ്പർ ഉത്തരവ്.

3. ശ്രീമതി വസന്തകുമാരി എസ്, സീനിയർ ക്ലർക്കിന്റെ 26.09.2026 തീയതിയിലെ അപേക്ഷ.

4. സർക്കാർ ഉത്തരവ് (സാധാ) നം.363/2026/F&WLD തീയതി – 22.08.2026

### ഉത്തരവ് നമ്പർ ഇ3- 1233/2026 തീയതി : 30-09-2026

സൂചന (1) ഉത്തരവ് പ്രകാരം വനം വകുപ്പിൽ സീനിയർ ക്ലർക്കുമാർക്ക് ഹെഡ് അക്കൗണ്ടന്റുമാരായി സ്ഥലംമാറ്റവും, സ്ഥാനക്കയറ്റവും നൽകിയിരുന്നു. ആയത് പ്രകാരം വാളയാർ സ്റ്റേറ്റ് ഫോറസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ നിയമിച്ചിരുന്ന ഹെഡ് അക്കൗണ്ടന്റ് ശ്രീമതി. കനകം. എസ്-ന് ടി ഓഫീസിലെ ഹെഡ് അക്കൗണ്ടന്റായിരുന്ന ശ്രീ. മനോജ് വി. ചെട്ടിയാർ ഫയൽ ചെയ്ത OA(EKM) 1279/2026–ലെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചാർജ്ജ് ഏറ്റെടുക്കാൻ സാധിച്ചില്ല. സൂചന (2) ഉത്തരവ് പ്രകാരം ശ്രീ. ശ്രീജിത്ത്.എ.പി., ഹെഡ് അക്കൗണ്ടന്റിന് സ്ഥാനക്കയറ്റം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിൽ ഒരു ഹെഡ് അക്കൗണ്ടന്റിന്റെ ഒരു ഒഴിവ് ഉണ്ട്. നിലവിലെ സീനിയർ ക്ലാർക്കുമാരുടെ സീനിയോറിറ്റി ലിസ്റ്റിലെ സീരിയൽ നമ്പർ 83 പാർവ്വതി.ജെ വരെ യുള്ളവർക്ക് ഹെഡ് അക്കൗണ്ടന്റായി പ്രൊമോഷൻ നൽകിയിട്ടുള്ളതാണ്. സീരിയൽ നമ്പർ 84 ജോഫർ.ടി.എസ് സർവ്വീസിൽ നിന്നും വി.ആർ.എസ് എടുത്തിട്ടുള്ളതാണ്. സീരിയൽ നമ്പർ 85 ഷെർലി വി. സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതുമാണ്. ആയതുമൂലം നിലവിലുള്ള ഹെഡ് അക്കൗണ്ടന്റിന്റെ ഒഴിവിലേക്ക് സീനിയർ ക്ലാർക്കുമാരുടെ സീനിയോറിറ്റി ലിസ്റ്റിലെ 86-മത്തെ ആളായ ശ്രീമതി വസന്തകുമാരി. എസ് (പെൻ.163291)–ന് സ്ഥാനക്കയറ്റത്തിന് അർഹത ഉണ്ട്.

മേൽ പറഞ്ഞ സീനിയർ ക്ലർക്ക് ശ്രീമതി വസന്തകുമാരി. എസ് - ന് 39300-83000 രൂപ ശമ്പള സ്കെയിലിൽ ഹെഡ് അക്കൗണ്ടന്റായി സ്ഥാനക്കയറ്റം നൽകിക്കൊണ്ടും, നിലവിൽ ഹെഡ് അക്കൗണ്ടന്റുമാർ സമർപ്പിച്ചിട്ടുള്ള സ്ഥലംമാറ്റ അപേക്ഷകൾ പരിഗണിച്ച കൊണ്ടും, ഭരണപരമായ കാരണങ്ങളാലും താഴെ പറയും പ്രകാരം സ്ഥലം മാറ്റവും നിയമനവും നൽകിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര്, പെൻ, നിലവിൽ ജോലി ചെയ്യുന്ന ഓഫീസ് | സ്ഥലംമാറ്റം/ സ്ഥാനക്കയറ്റം | സ്ഥലംമാറ്റി നിയമിക്കുന്ന ഓഫീസ് |
|---|---|---|---|
| 1. | ശ്രീമതി വസന്തകുമാരി. എസ് (PEN : 163291) സീനിയർ ക്ലർക്ക് അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ സോഷ്യൽ ഫോറസ്ട്രി, കൊല്ലം | സ്ഥാനക്കയറ്റം | O/o ഫോറസ്റ്റ് കൺസർവേറ്റർ , സോഷ്യൽ ഫോറസ്ട്രി, കൊല്ലം (ശ്രീ. ശ്യം. എസ്, ഹെഡ് അക്കൗണ്ടന്റിനെ സ്ഥലംമാറ്റം നൽകിയ ഒഴിവിൽ) |
| 2. | ശ്രീമതി. കനകം.എസ്, (PEN : 162183) ഹെഡ് അക്കൗണ്ടന്റ് ഡയറക്ടർ , സ്റ്റേറ്റ് ഫോറസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, വാളയാർ | സ്ഥലംമാറ്റം/ ഭരണ സൗകര്യാർത്ഥം | O/o ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്, ചാലക്കുടി ഡിവിഷൻ (ശ്രീ. അബ്ദു സമദ്. ടി. എം, ഹെഡ് അക്കൗണ്ടന്റിനെ സ്ഥലംമാറ്റം നൽകിയ ഒഴിവിൽ) |
| 3. | ശ്രീ. അബ്ദു സമദ്. ടി. എം (PEN : 162314) ഹെഡ് അക്കൗണ്ടന്റ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്, ചാലക്കുടി | സ്ഥലംമാറ്റം അപേക്ഷ പ്രകാരം | O/o ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ് നിലമ്പൂർ (സൗത്ത്) ഓഫീസിൽ (ശ്രീ.ശ്രീജിത്ത് എ.പിഹെഡ് അക്കൗണ്ടന്റിന് സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ) |
| 4. | ശ്രീ. ശ്യം. എസ് (PEN : 153366) ഹെഡ് അക്കൗണ്ടന്റ് ഫോറസ്റ്റ് കൺസർവേറ്റർ, സോഷ്യൽ ഫോറസ്ട്രി, കൊല്ലം | സ്ഥലംമാറ്റം/ ഭരണ സൗകര്യാർത്ഥം | O/o ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്, തെന്മല ഡിവിഷൻ (നിലവിലുള്ള ഒഴിവിൽ ) |

മേൽ പരാമർശിച്ചിട്ടുള്ള ജീവനക്കാരെ ബന്ധപ്പെട്ട ഓഫീസ് മേധാവികൾ ആവശ്യമായ ക്രമീകരണങ്ങൾ വരുത്തിയശേഷം 5 ദിവസത്തിനകം വിട്ടുതൽ ചെയ്യേണ്ടതാണ്. അപേക്ഷ പ്രകാരം സ്ഥലംമാറ്റം ലഭിച്ചവർക്ക് പ്രവേശനകാലത്തിന് അഹർതയില്ല. ചട്ടപ്രകാരം യാത്രാപ്പടിക്ക് അർഹതയുണ്ട്.

Digitally signed by
J JUSTIN MOHAN
Date: 30-09-2026
09:56:08

ഡോ. ജെ. ജസ്റ്റിൻ മോഹൻ ഐ.എഫ്.എസ്.,
അഡീ. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
(ഭരണം)

പകർപ്പ് :
1. വ്യക്തികൾക്ക് മേലധികാരി മുഖേന നൽകുന്നു.
2. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, തെന്മല/ ചാലക്കുടി/ നെന്മാറ/ നിലമ്പൂർ സൗത്ത് എന്നിവർക്ക് അറിവിനും അനന്തര നടപടിക്കുമായി നൽകുന്നു.

3. ഡയറക്ടർ, സ്റ്റേറ്റ് ഫോറസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, വാളയാറിന് അറിവിനും അനന്തര നടപടിക്കുമായി നൽകുന്നു.
4. ഇ5-സെക്ഷൻ/ എച്ച് സെക്ഷൻ.